# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3171** **14.07.2015 ൽ മറുപടിയ്ക്ക്**

### സോളാർ പാർക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.നാരായണൻ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് ആലോചന നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ; | (ബി) കാസർഗോഡ് ജില്ലയിലെ അമ്പലത്തറ, കിനനൂർ, കരിന്തളം, പൈവേളികെ, മീഞ്ച എന്നീ വില്ലേജുകളിലാണ് സൗരോർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ട സ്ഥലം കണ്ടെത്തിയിട്ടുള്ളത്. സ്ഥല സർവ്വേ പൂർത്തിയായിക്കഴിഞ്ഞു. |
| (സി) ആരുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (സി) കേന്ദ്ര പൊതുമേഖല സ്ഥാപനമായ **സോളാർ എനർജി കോർപ്പറേഷൻ ഓഫ്** ഇന്ത്യയും (സെക്കി) കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ഡി) സോളാർ പാർക്ക് പദ്ധതി പ്രകാരം ഇരുനൂറ് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ നൂറ് മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വഴിയാണ് നടപ്പിലാക്കുന്നത്. സോളാർ പാർക്ക് സ്കീം പ്രകാരം 100 മെഗാവാട്ട് ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ പദ്ധതിയ്ക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 31.03.2015 ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ SECI,IREDA യും THDCIL-ഉം ആയി(50 മെഗാവാട്ട് വീതം) വെവ്വേറെ രണ്ടു ത്രികക്ഷി പ്രാരംഭ കരാർ ഒപ്പു വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ